## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4095** **28-06-2024 - ൽ മറുപടിയ്ക്ക്**

## കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ കേൾവിക്കുറവുള്ള എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ കേൾവി കുറവുള്ള കുട്ടികളുടെ എണ്ണം പ്രത്യേകമായി സൂക്ഷിക്കുന്നില്ല. എന്നിരുന്നാലും ശ്രുതിതരംഗം പദ്ധതിയുടെ കീഴിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ, കോക്ലിയർ ഇംപ്ലാൻറ് പ്രോസസ്സർ അപ്ഗ്രഡേഷൻ, കോക്ലിയർ ഇംപ്ലാൻറ് മെയിന്റനൻസ് എന്നീ വിഭാഗങ്ങളിലായി 891 കുട്ടികളുടെ അപേക്ഷകൾ നാളിതുവരെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതുവരെ എത്ര കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയിട്ടുണ്ടെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ശ്രുതിതരംഗം പദ്ധതിക്ക് കീഴിൽ നാളിതുവരെ 109 ഗുണഭോക്താക്കൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 2023-24സാമ്പത്തിക വർഷം 57 ഗുണഭോക്താക്കൾക്കും 2024 -25 സാമ്പത്തിക വർഷത്തിൽ ഇതുവരെ 52 ഗുണഭോക്താക്കൾക്കും ശസ്ത്രക്രിയക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട് . |
| (സി) | പ്രസ്തുത ശസ്ത്രക്രിയ കഴിഞ്ഞ ചിലർക്ക് വച്ചു പിടിപ്പിച്ച ശ്രവണ സഹായിയുടെ മോഡലുകൾ കമ്പനികൾ നിർത്തിയതോടെ ശസ്ത്രക്രിയക്ക് വിധേയരായവർ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | കമ്പനികൾ നിർത്തലാക്കിയ മോഡലുകൾക്ക് പകരം പുതിയ മോഡൽ കോക്ലിയർ ഇംപ്ലാൻറ് ഉപകരണം ശ്രുതിതരംഗം പദ്ധതിയുടെ 'പ്രോസസ്സർ അപ്ഗ്രഡേഷൻ ' സേവനം വഴി ഗുണഭോക്താക്കൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കി വരുന്നുണ്ട്. |
| (ഡി) | സ്വന്തം നിലയിൽ ശ്രവണ സഹായി അപ്ഗ്രേഡ് ചെയ്യാൻ നാല്പ ലക്ഷം രൂപ വേണമെന്നിരിക്കെ സർക്കാർ ഇവരെ എങ്ങനെ സഹായിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | ഉത്തരം (സി) പിരിവിൽ ചേർത്തിരിക്കുന്നു. |
| (ഇ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശസ്ത്രക്രിയക്ക് വിധേയമായ ഓരോ കുട്ടിയുടെയും പേരിൽ അൻപതിനായിരം രൂപാ വീതം സാമൂഹിക സുരക്ഷാ | (ഇ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോക്ലിയർ ഇംപ്ലാൻറ് സർജറിക്ക് വിധേയരായ ഓരോ കുട്ടിയുടെ പേരിലും 50,000 രൂപ വീതം ശ്രുതിതരംഗം പദ്ധതി മുഖാന്തരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് |

| | | | |
|---|---|---|---|
| | പദ്ധതിയിൽ ഒടുക്കിയിരുന്നു എന്നത് വസ്തുതയാണോ; | | കൈമാറി നൽകുവാനുള്ള നിർദ്ദേശം സർക്കാർ നൽകിയിരുന്നു. പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നടപ്പിലാക്കുന്ന കാലയളവിന്റെ പ്രാരംഭഘട്ടത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഈ ഇനത്തിൽ അവരുടെ പക്കൽ മിച്ചം ഉണ്ടായിരുന്ന തുക ഭാഗികമായി സ്റ്റേറ്റ് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. തുക കൈമാറ്റവുമായി ബന്ധപ്പെട്ട തുടർനടപടി പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. |
| (എഫ്) | എങ്കിൽ പ്രസ്തുത തുക ഏത് ഏജൻസിക്കാണ് കൈമാറിയതെന്ന് വ്യക്തമാക്കാമോ; | (എഫ്) | ഉത്തരം (ഇ) പിരിവിൽ ചേർത്തിരിക്കുന്നു. |
| (ജി) | പ്രസ്തുത ഏജൻസികൾ വിനിയോഗ സാക്ഷ്യപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ജി) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പ്രസ്തുത തുക ഗുണഭോക്താവിന്റെ ചികിത്സക്ക് വിനിയോഗിച്ച ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വിനിയോഗ സാക്ഷ്യപത്രം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ